പശ്ചിമഘട്ടം:
സംഭാഷണം

അക്കാദമിക് ഗവേഷണത്തിന്റെ സാമ്പ്രദായിക ചട്ടക്കൂടുകൾക്കപ്പുറത്ത് ജനപക്ഷത്ത്, ഹരിതപക്ഷത്ത് ഏറെ വേരിറക്കമുള്ള ഒരു വൻമരമായിരുന്ന ഡോ. എസ്. ശങ്കർ കേരള വനഗവേഷണ കേന്ദ്രത്തിൽനിന്ന് (കെ.എഫ്.ആർ.ഐ) 2012 ആഗസ്ത് 31ന് വിരമിച്ചു. കേരളത്തിന്റെ പാരിസ്ഥിതിക മുന്നേറ്റങ്ങളുടെ കൂടി ചരിത്രമാണ് മൂന്ന് പതിറ്റാണ്ടുകളിലായി ഡോ. ശങ്കർ നയിച്ച ശാസ്ത്രജ്ഞന്റെ ജീവിതം. പരിസ്ഥിതി ശാസ്ത്ര പ്രവർത്തനത്തെ ജനങ്ങൾക്കിടയിലേക്കുകൊണ്ടു വന്ന തലമുറയിലെ പ്രധാന കണ്ണിയായിരുന്ന അദ്ദേഹം എല്ലാ തരം സമ്മർദ്ദങ്ങൾക്കിടയിലും പ്രകൃതിപക്ഷത്തുനിന്ന് സംസാരിക്കാൻ, ഇടപെടാൻ ഒരിക്കലും മടികാണിച്ചിരുന്നില്ല. പൂയംകുട്ടിയും അതിരപ്പിള്ളിയും ഉൾപ്പെടെയുള്ള പല വിവാദ പദ്ധതികളുടെയും പാരിസ്ഥിതികാഘാത പഠനം നടത്തിയ സംഘത്തിൽ പ്രധാനിയായിരുന്ന ശങ്കറിന്റെ റിപ്പോർട്ടുകൾ പദ്ധതിയെക്കുറിച്ചുള്ള തീരുമാനങ്ങളിൽ നിർണ്ണായകമായിട്ടുണ്ട്. മൂന്ന് പതിറ്റാണ്ടിലേറെയായി കേരളത്തിന്റെ പാരിസ്ഥിതിക രംഗത്തെ അടുത്തറിയുന്ന ശങ്കർജി സംസാരിക്കുന്നു.

ഡോ.എസ്. ശങ്കർ / ധന്യാബാലൻ

**കേരളത്തിന്റെ പരിസ്ഥിതി രംഗത്തെ അടുത്തറിഞ്ഞ ഒരാളാണ് താങ്കൾ. കഴിഞ്ഞ പതിറ്റാണ്ടുകളിൽ കേരളത്തിന്റെ പാരിസ്ഥിതിക രംഗത്തുണ്ടായ മാറ്റങ്ങളുടെ സ്വഭാവമെന്താണ്? കേരളീയ സമൂഹത്തിന്റെ പാരിസ്ഥിതിക അവബോധം ഏത് ദിശയിലേക്കായിരുന്നു?**

എനിക്കു തോന്നുന്നത്, കേരളത്തിന്റെ പാരിസ്ഥിതിക അവബോധം സൈലന്റ്‌വാലി സമരത്തോടെയാണ് ആരംഭിച്ചതെന്നാണ്. 70കളുടെ അവസാനവും 80കളിലും ആരംഭിച്ച, സൈലന്റ്‌വാലിയെ സംരക്ഷിക്കാനുള്ള പ്രതിഷേധ സമരങ്ങൾ മുതലാണ് നമുക്ക് ഇക്കോളജി എന്നൊരു വിഷയമുണ്ടെന്നും പരിസ്ഥിതിയെന്ന ആശയമുണ്ടെന്നും അതിനെ സംരക്ഷിക്കേണ്ടതുണ്ടെന്നുമുള്ള തിരിച്ചറിവുകളുണ്ടായത്. വനം സംരക്ഷിക്കുക മനുഷ്യസമൂഹങ്ങളുടെ കടമയാണെന്ന ബോധ്യമുണ്ടാവുന്നത്. സൈലന്റ് വാലി സമരം വലിയ പ്രശ്നങ്ങളില്ലാതെ നാം ജയിച്ചു. സൈലന്റ്‌വാലി സംരക്ഷിക്കപ്പെട്ടു. 1984ൽ ദേശീയോദ്യാനമായി പ്രഖ്യാപിക്കപ്പെട്ടു. സമരത്തിന്റെ ഭാഗമായി വനസംരക്ഷണ നിയമമടക്കം പ്രധാനപ്പെട്ട രണ്ടു നിയമങ്ങൾ വന്നു. വനത്തിനെ സംസ്ഥാന പട്ടികയിൽനിന്ന് കേന്ദ്ര നിയമത്തിലേക്ക് മാറ്റിയപ്പോൾ സൈലന്റ്‌വാലിയിൽ ഡാം കെട്ടുന്നതിന് കേന്ദ്രാനുമതി ആവശ്യമായി വന്നു. നിയമപ്രകാരം സൈലന്റ് വാലി സംരക്ഷിക്കപ്പെടുകയും ചെയ്തു. എന്നാൽ, കേരള ജനത ആ വിജയത്തിന്റെ ആഹ്ലാദത്തിൽ ഇന്നും ഉറങ്ങിക്കൊണ്ടിരിക്കയാണ്. 30 വർഷം മുമ്പ് നേടിയ ആ ഒരു വിജയത്തിന്റെ പ്രൗഢിയിലാണ് നാമിന്നും ജീവിക്കുന്നത്. പുതിയ സമരങ്ങൾ മിക്കതും കാര്യമാത്ര പ്രസക്തമല്ലാത്തതും പ്രചാരണങ്ങൾക്കു വേണ്ടി നടത്തുന്നതുമായി മാറുന്നു. സൈലന്റ്‌വാലിക്കു ശേഷം പൂയംകുട്ടി ആയാലും പിന്നീട് പാത്രക്കടവ്

# മണ്ണ് സംരക്ഷണത്തിൽ നിന്നും കാട്ടിലേക്ക്, മനുഷ്യരിലേക്ക്

ആയാലും പെരിങ്ങോം ആണവനിലയത്തിനെതിരെ ആയാലും റോഡുകൾക്കും വനഭൂമി വിട്ടുകൊടുക്കുന്നതിനെതിരെയും ആയാലും, സമരങ്ങളുടെ ആവേശം കുറഞ്ഞു തുടങ്ങി. 21ാം നൂറ്റാണ്ടിൽ എത്തുമ്പോഴേക്കും സമരം അനുഷ്ഠാനമായി തീർന്നിരിക്കുന്നു. നമ്മൾ സമരം ചെയ്യുന്നു. പിൻവാങ്ങുന്നു. സമരം ജയിക്കാനായില്ലെങ്കിൽ ശത്രുവിനോടു ചേരുക എന്ന ഒരു വിചാരത്തിലേക്ക് എത്തിയിരിക്കുന്നു. ശത്രുവിനോടു ചേരുന്നതിന് മുമ്പ് ചെറുതായി സമരം ചെയ്യുന്നതായി നടിക്കുകയും പിന്നീട് മിണ്ടാതിരിക്കുകയുമാണ് നാമിപ്പോൾ ചെയ്യുന്നത്.

**താങ്കൾ പറയുന്നത് സമരം ചെയ്യുന്നവരുടെയും അതിനെ പിന്തുണയ്ക്കുന്നവരുടെയും ആത്മാർത്ഥ കുറഞ്ഞു എന്നാണോ?**

70കളിലും 80കളിലും പരിസ്ഥിതി ഒരു പുത്തൻ വിഷയം ആയിരുന്നു. അന്നതിന് ഒത്തിരി പ്രാധാന്യവും ഉണ്ടായിരുന്നു. അനേകം ആളുകളുടെ ആവേശമുണ്ടായിരുന്നു. ഒത്തിരി സന്മനസ്സുകൾ, രാഷ്ട്രീയ പാർട്ടികളുടെയും, എഴുത്തുകാരുടെയും ബുദ്ധിജീവികളുടെയും ഒത്തൊരുമിച്ചുള്ള ഒരു സൻമനസ്സുണ്ടായിരുന്നു. എന്നാൽ മുന്നോട്ടു പോകുന്തോറും ഓരോ പാർട്ടിയിലും വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടായി. അവരുടെ താൽപ്പര്യങ്ങൾ കുറയുകയും വ്യത്യാസങ്ങൾ വളരുകയും ചെയ്തു. ആദ്യകാല പരിസ്ഥിതി സമരങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാക്കാവുന്ന ഒരു കാര്യമുണ്ട്, ജനകീയ സാംസ്കാരിക വേദിയിൽ നിന്നും നക്സൽ പശ്ചാത്തലമുള്ള ആൾക്കാരാണ് അത് വിട്ടിട്ട് പരിസ്ഥിതി എന്ന പുതിയ മേച്ചിൽപ്പുറത്തേക്ക് വന്നത്. നക്സലിസത്തിന് ശക്തി നഷ്ടപ്പെട്ടപ്പോഴാവും ആ ഊർജത്തെ പരിസ്ഥിതി സംരക്ഷണത്തിലേക്ക് തിരിച്ചുവിട്ടുകൊണ്ട് ഒരു മുന്നേറ്റമുണ്ടായത്. പരിസ്ഥിതിക്ക് വേണ്ടി അവർ മുപ്പതു വർഷം പ്രവർത്തിച്ചു. ഇപ്പോഴും പ്രവർത്തിക്കുന്നു. എന്നാൽ, അവരുടെ ആയുധങ്ങൾക്ക് മൂർച്ച കുറഞ്ഞിട്ടുണ്ട്. പല്ലുകൾ കൊഴിഞ്ഞുപോയിട്ടുണ്ട്.

**പരിസ്ഥിതി പ്രശ്നങ്ങളിൽ മുഖ്യധാരാ മാധ്യമങ്ങൾക്ക് എന്തൊക്കെ ചെയ്യാനാവും? പുതിയ കാലത്തെ പാരിസ്ഥിതിക പ്രശ്നങ്ങളിൽ വ്യത്യസ്തമായ നിലപാടുകളാണ് മാധ്യമങ്ങൾ സ്വീകരിക്കുന്നത്. ചിലത് ഉച്ചത്തിൽ വിളിച്ച് പറയുകയും മറ്റു ചിലത് തമസ്കരിക്കുകയും ചെയ്യുന്നു. നീണ്ട സമരങ്ങളെ തുടക്കത്തിൽ ശ്രദ്ധിക്കുകയും പിന്നീട് സൗകര്യപൂർവം അവഗണിക്കുകയും ചെയ്യുന്നു. ഈ മാറ്റങ്ങളെ എങ്ങനെ കാണുന്നു?**

സമീപനങ്ങളിൽ മാറ്റം വന്നിട്ടുണ്ടെങ്കിൽ പോലും അവർ വഴി ഒരുപാട് വിവരങ്ങൾ പുറത്തുവരുന്നുണ്ട്. എവിടെ മരം വെട്ടിയാലും വനം തീയിട്ടാലും തൊഴിലുറപ്പു പദ്ധതി പ്രകാരം പരിസ്ഥിതി ധ്വംസന പരിപാടികൾ നടന്നാലും നമുക്ക് വിവരം കിട്ടുന്നുണ്ട്. ശരിക്കും ചെയ്യേണ്ടത് ഈ വാർത്തകളെ പിന്തുടരുകയാണ്. ആക്റ്റിവിസ്റ്റ് ഗ്രൂപ്പുകൾ ഉണ്ടാക്കി ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നിടങ്ങളിൽ പോയി അത് പരിഹരിക്കുകയാണ് വേണ്ടത്. പക്ഷേ, വാർത്ത വായിച്ച് കുറച്ചുനേരത്തേക്കുമാത്രം നാം സഹതപിക്കുന്നു. അഞ്ചു മിനിറ്റ് കഴിഞ്ഞ് പത്രം മടക്കുമ്പോൾ ആ സഹതാപം പോവുകയും ചെയ്യുന്നു. അപ്പോൾ, മാധ്യമങ്ങളെയല്ല നാം പഴിക്കേണ്ടത്. അവരുടെ ശൈലിയെ വേണമെങ്കിൽ ആവാം. അവർക്ക് വേണ്ടത് വിവാദമൂല്യമുള്ള വാർത്തകളാണ്,അതിരപ്പിള്ളിയിൽ ഡാം വരാൻ പോവുന്നില്ലഎന്ന മട്ടിലുള്ളത്. എന്താണ് അതിനു പകരം വരേണ്ടത്, എന്താണ് അതിരപ്പിള്ളിയിലെ പ്രശ്നം, എന്താണ് വൈദ്യുതി പ്രശ്നം, എങ്ങനെയാണ് നാം വൈദ്യുതി ലഭിക്കുക, എന്തൊക്കെയാണ് ഡാം വന്നാലുള്ള ഭവിഷ്യത്തുകൾ... ഈ കാര്യങ്ങളിലൊന്നും മാധ്യമങ്ങൾക്ക് താൽപ്പര്യമില്ല. ഇവ ചർച്ച ചെയ്യപ്പെടുന്നുമില്ല. മാധ്യമങ്ങൾ ആഴത്തിൽ പഠിക്കുന്നില്ല. പരിസ്ഥിതിവാദികളും ആഴത്തിൽ ഗവേഷണം നടത്തുന്നില്ല. എനിക്കുതോന്നുന്നത് കഴിഞ്ഞ 30 വർഷമായി കേരളത്തിൽ ഒന്നിനെക്കുറിച്ചും ആരും ആഴത്തിൽ പഠിക്കുന്നില്ല. എല്ലാം ഉപരിപ്ലവമായി മാത്രം, ഇത് വേണോ അത് വേണ്ട എന്നിങ്ങനെയുള്ള പഠനം മാത്രമാണ് നടന്നത്.

ചെറിയൊരു ഉദാഹരണം പൂയംകുട്ടി പദ്ധതിയെക്കുറിച്ചുള്ള പഠനമാണ്. വളരെ കഷ്ടപ്പെട്ട് മൂന്നു വർഷത്തെ പഠനത്തെ തുടർന്ന്, 3000 ഹെക്ടർ വനമുണ്ടിപ്പോൾ, 3040 ഓളം ആദിവാസി കുടുംബങ്ങളെ മാറ്റുകയും 50,000 ടൺ ഈറ്റ നഷ്ടപ്പെടുകയും 15 ലക്ഷം ഈറ്റത്തൊഴിലാളി കുടുംബങ്ങൾ അനാഥമാവുകയും ചെയ്യുമെന്ന് ഞങ്ങൾ റിപ്പോർട്ട് ചെയ്തു. പൂയംകുട്ടി പദ്ധതി നടപ്പാക്കരുതെന്ന റിപ്പോർട്ട് അന്നത്തെ വനം പരിസ്ഥിതി മന്ത്രി മനേക ഗാന്ധിക്ക് വളരെ സന്തോഷമായി. പക്ഷേ, അന്നത്തെ മുഖ്യമന്ത്രി നായനാർ ഞങ്ങളോട് പറഞ്ഞത്, നിങ്ങൾ മനേക ഗാന്ധിക്ക് അടിക്കാൻ ഒരു വടിയാണ് കൊടുത്തിരിക്കുന്നത്. നിങ്ങൾക്ക് രണ്ടു മാസത്തെ ശമ്പളമില്ല എന്നാണ്.

**പശ്ചിമഘട്ട രക്ഷായാത്ര മുതൽ കൂടംകുളം സമരം വരെ എത്തി നിൽക്കുന്ന പല പരിസ്ഥിതി പ്രക്ഷോഭങ്ങളും അടുത്ത ബന്ധം പുലർത്തുന്ന ആളാണ് താങ്കൾ. ഈ കാലത്തിനിടയിൽ പരിസ്ഥിതി സമരങ്ങളിൽ വന്ന എന്തെല്ലാം മാറ്റങ്ങളാണ് ശ്രദ്ധയിൽപ്പെട്ടത്?**

എന്റെ അഭിപ്രായത്തിൽ, സ്വാതന്ത്ര്യ സമരകാലത്തെ ജനമുന്നേറ്റത്തിന് ശേഷം, ജനപങ്കാളിത്തമുള്ള, മുദ്രാവാക്യമുള്ള, ഒരേയൊരു ലക്ഷ്യത്തോടെയുള്ള ഒരു യാത്രയായിരുന്നു പശ്ചിമഘട്ട സംരക്ഷണ പദയാത്ര. ഗുജറാത്ത് മുതൽ ഗോവ വരെ വടക്കൻ പദയാത്രയും കന്യാകുമാരി മുതൽ ഗോവവരെ തെക്കൻ യാത്രയും. അത് ഗോവയിൽ ഒരു പാരിസ്ഥിതിക അവബോധത്തിന്റെ ഉൽസവമായി കലാശിക്കുകയാണ് ഉണ്ടായത്.

നവംബർ ഒന്ന്, കേരളപ്പിറവി ദിനത്തിലാണ് ഞങ്ങൾ കന്യാകുമാരിയിൽനിന്ന് സി.പി. ഇളങ്കോ ഉയർത്തിയ പതാക പിടിച്ച് യാത്ര തുടങ്ങിയത്. 100 ദിവസം കൊണ്ട് 20,000 കിലോ മീറ്റർ താണ്ടി ഗോവയിലെത്തി. എ. മോഹൻ കുമാറാണ് തെക്കൻ ജാഥ നയിച്ചത്. അന്ന് നടന്ന വഴിയിലെല്ലാം ആളുകൾ ഞങ്ങളുടെ കൂടെ കൂടുകയും അവരുടെ പ്രശ്നങ്ങൾ പറയുകയും അവരുടെ നാടിന്, കാടിന്, കുഞ്ഞുങ്ങൾക്ക് സംഭവിക്കുന്നത് എന്തെന്ന് ചർച്ച ചെയ്യുകയും ചെയ്തു. സ്കൂളുകളിൽ രാത്രികളിൽ താമസിക്കുമ്പോൾ പല തരത്തിലുള്ള പ്രസംഗങ്ങൾ, സ്ലൈഡ് ഷോകൾ, നാടകങ്ങൾ കഥാപ്രസംഗങ്ങൾ എല്ലാമുണ്ടായി

രുന്നു. വ്യത്യസ്ത ദേശങ്ങളിൽനിന്നുള്ള വ്യത്യസ്ത അനുഭവങ്ങൾ. ചില പ്രാദേശിക സമരങ്ങൾ. ഉദാഹരണത്തിന് അച്ചൻകോവിൽ സമരമായാലും നെല്ലിയാമ്പതി സമരമായാലും മൂന്നാറിലെ കൈയേറ്റ പ്രശ്നങ്ങൾ ആയാലും പാലക്കാട്, വയനാട്, നിലമ്പൂർ പ്രശ്നങ്ങളായാലുംഎല്ലാം തുടങ്ങുന്നത് പശ്ചിമഘട്ട രക്ഷായാത്ര നൽകിയ അവബോധത്തിൽനിന്നുമാണ്. ഓരോ സ്ഥലത്ത് പോവും. അവിടത്തെ ജനങ്ങളോട് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും, കുടിവെള്ളം, വായു, മണ്ണ് ഇവയെല്ലാം സംരക്ഷിക്കപ്പെടേണ്ട ആവശ്യകതയെക്കുറിച്ച് സംസാരിക്കും. മനസ്സിലാക്കുന്നതിനനുസരിച്ച് അവർ പ്രാദേശിക പരിസ്ഥിതി സംഘടനകൾ ഉണ്ടാക്കി. ഇക്കോ ക്ലബുകൾ ഉണ്ടാക്കി. മുപ്പതു കൊല്ലമായി പല പരിപാടികൾക്കും നമ്മെ വിളിക്കുകയും ചെയ്തിരുന്നു.

തൊണ്ണൂറുകളിലെത്തുമ്പോഴേക്കും, ഏതൊരു വികസന പദ്ധതിക്കും മുന്നോടിയായി പാരിസ്ഥിതികാഘാത പഠനങ്ങൾ നടത്തേണ്ട, ഇക്കാര്യങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കേണ്ട, ജനങ്ങളുടെ അഭിപ്രായം മാനിക്കേണ്ട ഒരു സ്ഥിതി വന്നു. യൂറോപ്പിലും അമേരിക്കയിലും ഉള്ളതുപോലെ ജനാധിപത്യതലത്തിൽ പ്രാദേശിക ജനപിന്തുണ, ചർച്ച, അംഗീകാരം ഇവയോടെ മാത്രമേ പരിസ്ഥിതി പ്രവർത്തനങ്ങൾ നടക്കൂ എന്നൊരു അവസ്ഥ സംജാതമായി.

**മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ പശ്ചിമഘട്ട റിപ്പോർട്ടിനെ സംബന്ധിച്ച ചർച്ചകൾ തുടരുകയാണ്. റിപ്പോർട്ടിനെ എങ്ങനെയാണ് കാണുന്നത്?**

പശ്ചിമഘട്ടം നാളെ എങ്ങനെയാണ് സംരക്ഷിക്കപ്പെടേണ്ടതെന്നും എവിടെയാണ് അത് വികസിപ്പിക്കേണ്ടതെന്നുമുള്ള അതിർ വരമ്പുകൾ, വികസനത്തിന്റെയും സംരക്ഷണത്തിന്റെയും പരിധി എന്നിവയാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലുള്ളത്. ഓരോ സംസ്ഥാനത്തെ പശ്ചിമഘട്ട പ്രദേശത്തെയും പാരിസ്ഥിതിക ലോല സോൺ 1,2,3 എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. ഇങ്ങനെ മൂന്ന് സോൺ ആയി വിഭജിച്ച് അനുയോജ്യമായ വികസനം ഏതാണെന്ന് പരിഗണിക്കുമ്പോൾ പല സംസ്ഥാനങ്ങളിലെയും പാരിസ്ഥിതിക ലോല സോണിലെ കണ്ണായ സ്ഥലങ്ങളിൽ യാതൊരു പ്രവർത്തനവും നടത്താൻ കഴിയാതെ വരും. ഇതാണ് റിപ്പോർട്ടിനെ എതിർക്കുന്ന രാഷ്ട്രീയക്കാരുടെയും വികസന വാദികളുടെയും പ്രശ്നം. അവർ എതിർത്തോട്ടെ, യാതൊരു പ്രശ്നവുമില്ല. പക്ഷേ, നമുക്കത് മനസ്സിലായി. എന്താണ് എവിടെയാണ് സംരക്ഷിക്കപ്പെടേണ്ടതെന്ന്. അതുകൊണ്ട് പരിസ്ഥിതി ഗ്രൂപ്പുകൾ ഈ റിപ്പോർട്ടിലെ കാതലായ ഭാഗം ഉൾക്കൊണ്ടുകൊണ്ട് സാധാരണ ജനങ്ങളിലേക്ക് എത്തിക്കാൻ തയ്യാറാവണം. അവരെ പറഞ്ഞ് മനസ്സിലാക്കുക. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. എല്ലാ വികസനവും നടപ്പാക്കേണ്ടത് പഞ്ചായത്ത് അല്ലെങ്കിൽ പ്രാദേശിക തലത്തിലുള്ള സംവിധാനമായ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ (BMC) വഴിയാണ്. ബി.എം.സിയിലൂടെ പരിസ്ഥിതി പ്രശ്നത്തിൽ ആദ്യമായി താഴെ നിന്ന് മുകളിലേക്ക് അഥവാ ഒരു ബോട്ടം അപ്പ് അപ്രോച്ച് കൃത്യമായി നിർദേശിക്കുകയാണ് ഗാഡ്ഗിൽ റിപ്പോർട്ട്. നിങ്ങൾക്ക് ട്രാക്റ്റർ ഉണ്ടാക്കുന്ന ഫെസിലിറ്റി വേണോ ഡാം വേണോ, ഹൈവേ വേണോ, വൻകിട ഫാക്റ്ററി വേണാ എല്ലാം തീരുമാനിക്കുന്നത് പഞ്ചായത്ത് ആയിരിക്കും.


ഫോട്ടോ: എൻ.എ. നസീർ

ഈ റിപ്പോർട്ട് പരിസ്ഥിതിയും വികസനവും തമ്മിലുള്ള ഒരു പൊരുത്തപ്പെടലിന്റെ തുടക്കമാണ്. ഒന്നും നടത്താൻ പാടില്ല എന്ന പരിസ്ഥിതിവാദികളുടെയും എല്ലാം നടത്തണമെന്നുള്ള വികസന വാദികളുടെയും ആശയങ്ങളുടെ അനുരഞ്ജനം. പരിസ്ഥിതി രാഷ്ട്രീയത്തിൽ അനുരഞ്ജനം സാധ്യമാകുന്നു.

ഉദാഹരണമായി അതിരപ്പിള്ളിയിൽ ഡാം വേണോയെന്ന് അതിരപ്പിള്ളി പഞ്ചായത്താകും തീരുമാനിക്കുക. അതിരപ്പിള്ളി വനമേഖലയിലെ വനവാസികൾക്ക് വനസംരക്ഷണ നിയമമനുസരിച്ചുള്ള അവകാശങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല എന്നും അത് നൽകാതെ ആ മേഖലയിൽ യാതൊരു വികസനവും പാടില്ല എന്നും ചൂണ്ടിക്കാട്ടി പഞ്ചായത്ത് കോടതിയിൽ പോയാൽ ഒരിക്കലും ആ പ്രദേശത്ത് ഡാം അനുവദിക്കപ്പെടുകയില്ല. ലോകം മുഴുവൻ സംരക്ഷിക്കണമെന്ന് സംരക്ഷണ വാദികളും, ലോകം മുഴുവൻ വികസിക്കണമെന്ന് വികസന വാദികളും പറയുമ്പോൾ ഗാഡ്ഗിൽ കമ്മിറ്റി വളരെ ശാസ്ത്രീയമായി, ധാരണകളെയും വിചാരങ്ങളെയും

വികാരങ്ങളെയും ഉൾക്കൊണ്ടാണ് നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നത്. ഈ റിപ്പോർട്ട് പരിസ്ഥിതിയും വികസനവും തമ്മിലുള്ള ഒരു പൊരുത്തപ്പെടലിന്റെ തുടക്കമാണ്. ഒന്നും നടത്താൻ പാടില്ല എന്ന പരിസ്ഥിതിവാദികളുടെയും എല്ലാം നടത്തണമെന്നുള്ള വികസന വാദികളുടെയും ആശയങ്ങളുടെ അനുരഞ്ജനം. പരിസ്ഥിതി രാഷ്ട്രീയത്തിൽ അനുരഞ്ജനം സാധ്യമാകുന്നു. ജനങ്ങളും സംരക്ഷകരും, വികസനവും പരിസ്ഥിതിയും തമ്മിലുള്ള ഒരു നല്ല അനുരഞ്ജനം.

**ആദിവാസികളുടെ കൂടെ ജീവിച്ചും അവരെ അടുത്തറിഞ്ഞും, താങ്കൾ ഒരു പാട് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ആദിവാസി ജീവിതങ്ങളിലുണ്ടായ മാറ്റങ്ങളുടെ വെളിച്ചത്തിൽ മുഖ്യധാരയുമായുള്ള അവരുടെ ഇടപെടലുകളെ എങ്ങനെ കാണുന്നു?**

രണ്ട് കാര്യങ്ങളിലാണ് പ്രധാന മാറ്റം കണ്ടത്. 20 വർഷത്തെ ഇടവേളക്കുശേഷം ഈയടുത്ത കാലത്ത് ഞങ്ങൾ അട്ടപ്പാടിയിലെ ആനവായ് എന്ന സ്ഥലത്ത് പോയിരുന്നു. എന്റെ ഒരു വിദ്യാർത്ഥി അഞ്ജലിയുടെ പ്രൊജക്റ്റിനായി. ആദിവാസികളുടെ വനവുമായുള്ള ബന്ധം കുറയുകയും അവർ മുഖ്യധാരയിലേക്ക് അടുക്കുകയും ചെയ്തിട്ടുണ്ട്. എനിക്കതിൽ പഴയ വിഷമമൊന്നും ഇല്ല. കാരണം അവരെ മ്യൂസിയം പീസ് പോലെ വനത്തിനുള്ളിൽ തന്നെ സൂക്ഷിക്കേണ്ടതില്ല.

ഉദാഹരണമായി, രണ്ട് വർഷം മുമ്പ് വയനാട് വന്യജീവി സങ്കേതത്തിനകത്തുള്ള 110 സെറ്റിൽമെന്റിലെ ആളുകളെ, അവർ സമ്മതിച്ചാൽ മാത്രം, മാറ്റി താമസിക്കാനൊരു പദ്ധതി ഞാൻ ഉണ്ടാക്കിയിരുന്നു. അവരുടെ ജീവിതം ദുസ്സഹമാണ്. രാത്രിയിലവർ വന്യജീവികളെ ഭയപ്പെടുന്നു. പകൽ തങ്ങളുടെ കുട്ടികളെ സ്കൂളിൽ അയക്കാനും മറ്റും ബുദ്ധിമുട്ടുന്നു. ഗതാഗത സൗകര്യമോ, ആശുപത്രി സൗകര്യമോ ഇല്ല. പക്ഷേ, മറുവശം അവർ കാണുന്നത് സുൽത്താൻ ബത്തേരി ആണ്. ബത്തേരിയിലും കൽപ്പറ്റയിലു മാനന്തവാടിയിലുമെല്ലാം ആളുകൾ സുഖമായിജീവിക്കുന്നത് അവർ കാണുന്നു. സുഖമായിഎന്നുപറഞ്ഞാൽ നമ്മൾ സിനിമ കാണാൻ പോവുന്നു, മികച്ച സൗകര്യങ്ങളോടെ ഗതാഗതം നടത്തുന്നു, സാധനങ്ങൾ വാങ്ങാൻ പോവുന്നു, ഭക്ഷണം കഴിക്കുന്നു.ഇതെല്ലാം കാണുമ്പോൾ അവരും പുറത്തു വരണമെന്ന് ആഗ്രഹിക്കുന്നു. പക്ഷെ അതിന് പുനരധിവാസം മാത്രം മതിയാവില്ല. അവർക്ക് പുറത്ത് ജീവിതമാർഗം കൂടി ലഭിക്കുമ്പോഴേ ശരിയായ മാറ്റം ആവുകയുള്ളൂ. എന്റെ അഭിപ്രായത്തിൽ വനത്തിനകത്തും അവർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കണമെന്നു തന്നെയാണ്. സംരക്ഷിക്കേണ്ട കോർ ഏരിയയിൽനിന്ന് ബഫർ സോണിലേക്ക് അവരെ കൊണ്ടുവന്ന് ജീവിതമാർഗങ്ങൾ ഉറപ്പുവരുത്തണം. അവർക്ക് വിദ്യാഭ്യാസവും വെളിച്ചവുമെല്ലാം ആവശ്യമാണ്.

**ഇങ്ങനെ ഒരു മാറ്റംവന്നാൽ അവരുടെ പരമ്പരാഗത രീതികൾ പലതും നഷ്ടപ്പെടില്ലേ. അവരുടേതായ ഭാഷ, ഭക്ഷണം, ആചാരങ്ങൾ കലകൾ എല്ലാം ?**

നമുക്കും പലതും നഷ്ടപ്പെട്ടില്ലേ? മുന്നോട്ടുപോവുന്തോറും നമുക്ക് പലതിനെയും മറക്കേണ്ടിവരും. അത് ജീവിതത്തിന്റെ ഭാഗമാണ്. ചില സൗകര്യങ്ങൾ വഴി നമ്മൾ ഭാഷയെയും അമ്മയെയും അച്ഛനെയുമെല്ലാം ഓർത്തിരിക്കുന്നുണ്ട്. ഇന്നാരും തന്നെ കഞ്ഞി, കായ, റാഗി, മുത്താറി, കൊള്ള് എന്നൊന്നും ഓർക്കുന്നില്ല. അവർക്ക് മാറ്റം വരുമ്പോഴും ഒരു ജീവിതമാർഗം കിട്ടുന്നുണ്ടോ എന്നാണ് ചിന്തിക്കേണ്ടത്. ഉദാഹരമായി ഞങ്ങൾ ആനത്താരകളിൽനിന്ന് ആദിവാസികളെ കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ആനകളുടെ സ്വൈര്യവിഹാരം അനിവാര്യമാണ്. സ്ഥിരമായി പോവുന്ന വഴിയിലൂടെയേ ആനകൾ സഞ്ചരിക്കൂ. അത് genetically imprinted ആണ്. ജനവാസം ഉണ്ടായി. മനുഷ്യനും വന്യജീവികളും തമ്മിലുള്ള പ്രതിപവർത്തനവും. പക്ഷേ, പണ്ട് ഇത്തരം പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല. ഇന്ന് ആദിവാസികൾ കൂടുതൽ ഇടങ്ങളിലേക്കിറങ്ങുന്നു. കൃഷി നടത്തുന്നു. ആദിവാസികളുടെ പിറകെ ആയിരുന്നു അന്ന് മൃഗങ്ങൾ. ഇന്ന് പക്ഷേ, ആദിവാസികൾ ഒരേ സ്ഥലത്ത് ഇരിക്കുന്നു. അപ്പോൾ അവർക്കുചുറ്റും മൃഗങ്ങൾ കൂടി. വന്യജീവികൾ മനുഷ്യന്റെ ജീവിതം ദുസ്സഹമാക്കി. കാരണം അവരുടെ സ്ഥലത്താണ് നമ്മൾ കോളനികളും കൃഷിയിടങ്ങളും ഉണ്ടാക്കിയത്. വിളവുകൾ സ്വാദിഷ്ട ഭക്ഷണമാണ്. മൃഗങ്ങൾ അതിൽ ആസക്തരായിരിക്കുന്നു. നല്ല ഭക്ഷണം കിട്ടുമ്പോൾ അവർ സ്ഥിരമായി വരുന്നു. ഇവരെ ഓടിക്കുന്നതിന് പകരം പുതിയ കൃഷിരീതി എന്തുകൊണ്ട് ചെയ്ത് കൂടാ? ഒരു സഹവർത്തിത്വ രീതിയിലേക്ക് എത്തിക്കൂടാ? മുഖ്യധാരയിലേക്ക് ആദിവാസിയെ കൊണ്ടുവന്ന് വനസംരക്ഷണ ദൗത്യം ഏൽപ്പിക്കുക എന്നതാണ് ഏറ്റവും നല്ലത്. വൈകാരികമായി ചിന്തിച്ച്, അവർ കാട്ടിൽത്തന്നെ കഴിഞ്ഞോട്ടെ എന്ന് വിചാരിക്കുന്നത്, അമ്പും വില്ലും മാത്രം ആയുധമായിക്കോട്ടെ എന്ന് വിചാരിക്കുന്നത് ശരിയല്ല.

**അക്കാദമിക് ഗവേഷകൻ എന്ന നിലയിൽ പതിറ്റാണ്ടുകളായി സജീവമാണ് താങ്കൾ. ശാസ്ത്രജ്ഞനെന്ന നിലയിൽ പ്രവർത്തനങ്ങൾ തുടങ്ങുന്ന കാലത്ത് ഗവേഷണത്തെക്കുറിച്ചും പരിസ്ഥിതിയെക്കുറിച്ചും മറ്റുമുണ്ടായിരുന്ന ധാരണകൾ തന്നെയാണോ ഇന്നും? മണ്ണിനെ പഠിക്കുന്നതിൽ നിന്നും മനുഷ്യനെ പഠിക്കുന്നതിലേക്കുള്ള മാറ്റത്തെക്കുറിച്ച് താങ്കൾ തന്നെ പറയാറുണ്ട്. ധാരണകൾ എങ്ങനെയെല്ലാമാണ് മാറിമറിഞ്ഞത്?**


ധാരണകളിൽ അല്ല, സമീപനങ്ങളിലാണ് മാറ്റങ്ങൾ ഉണ്ടായത്. ഒരു മണ്ണുഗവേഷകൻ എന്ന നിലയിൽ 15 വർഷത്തോളം ഞാൻ മണ്ണിനെ അടുത്തറിഞ്ഞു. മണ്ണിനെ സംരക്ഷിക്കുക, മണ്ണിന്റെ ഉത്പാദനശേഷി വർദ്ധിപ്പിക്കുക, കൂടുതൽ വെള്ളം സംഭരിക്കാൻ അനുവദിക്കുക, മണ്ണിന്റെ വളക്കൂറ് നന്നാക്കുക ഇതെല്ലാം മനസ്സിലാക്കി. മാത്രമല്ല, ഇതിനെല്ലാം മരങ്ങൾ വളരെ അത്യാവശ്യമാണ്. കേരളത്തിന്റെ ചരിഞ്ഞ ഭൂതലത്തിൽ ധാരാളം മഴ ലഭിക്കുമ്പോൾ മണ്ണു സംരക്ഷിക്കാൻ മരങ്ങൾ വേണം, കാടു വേണം, വൃക്ഷസമൂഹം വേണം. കാട്ടിലെ മരങ്ങൾ നാം സംരക്ഷിക്കുന്നുണ്ട്, നാട്ടിലും അത് വേണമെന്നതാണ് എൻെറ സമീപനം. നമ്മുടെ വീട്ടുവളപ്പിൽ ഒരു 'കാർഷിക വനവത്ക്കര

ണം' എന്ന സമീപനത്തിലേക്കാണ് 15 വർഷത്തെ 'യുദ്ധ'ത്തിനു ശേഷം ഞാൻ എത്തിയത്. കൃഷിയിടങ്ങളിൽ മരങ്ങൾ നടുക, നമ്മുടെ മണ്ണിന്റെ ഉത്പാദനശേഷി വർദ്ധിപ്പിക്കുക, കാർഷിക ഉത്പാദനം മെച്ചപ്പെടുത്തി നമുക്കാവശ്യമുള്ള സാധനങ്ങൾ സ്വയം ഉത്പാദിപ്പിക്കുന്ന അവസ്ഥയിൽ എത്തിച്ചേരുക. ആദ്യം ഞാൻ മണ്ണിനെ മനസ്സിലാക്കി മണ്ണ് സംരക്ഷിക്കാനായി 15 വർഷത്തോളം ജനങ്ങളെ ബോധവത്ക്കരിച്ചു. മരങ്ങൾ നടാനായി പ്രേരിപ്പിച്ചു പിന്നീട് ചിന്തിച്ചപ്പോൾ മണ്ണ് സംരക്ഷിക്കാൻ മരം വേണം, മരം നടാൻ മനുഷ്യരും. മണ്ണ്, മരം, മനുഷ്യൻ എന്ന ത്രിത്വം അതായത് മൂന്ന് ഘട്ടങ്ങൾ ആണ് എന്റെ ജീവിതത്തിലുണ്ടായത്. മണ്ണ് ശാസ്ത്രജ്ഞൻ, കാർഷിക വനവത്ക്കരണ ശാസ്ത്രജ്ഞൻ, സാമൂഹ്യ ശാസ്ത്രജ്ഞൻ. ജനങ്ങൾ മരങ്ങൾ നടണമെങ്കിൽ, അവരുടെ പ്രശ്നങ്ങൾ ആദ്യമേ പരിഹരിക്കപ്പെടണം. സ്വന്തം അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടാൽ മാത്രമേ ജനം മണ്ണിനേയോ മരത്തേയോ വനത്തേയോ സംരക്ഷിക്കുകയുള്ളൂ. ചെറിയ ചെറിയ സുസ്ഥിരാധിഷ്ഠിത ജൈവവൈവിധ്യ സംരംഭങ്ങളിലൂടെ ഇത് നടപ്പിലാക്കാം. വെറുതെ കാടു നന്നാക്കാൻ ആരും മുന്നോട്ടു വന്നുവെന്നു വരില്ല. കഴിഞ്ഞ ദിവസം, നമ്മൾ സംസാരിച്ച ഒരു ആദിവാസി അയാൾക്ക് അറിയാവുന്ന ഒരു ചെടിക്ക് ക്യാൻസറിനെതിരായ മരുന്നായി പ്രവർത്തിക്കാൻ കഴിയുമെന്നു പറഞ്ഞു. അതയാൾക്ക് ചെയ്യാനായാൽ, അയാൾക്ക് ലാഭമുണ്ടായാൽ അതിലൊരു വിഹിതം വനംസംരക്ഷണത്തിന് അല്ലെങ്കിൽ ജൈവവൈവിധ്യസംരക്ഷണത്തിനായി അയാൾക്ക് ചെലവിടാനാകും. കച്ചവട മനോഭാവം എന്ന് വേണമെങ്കിൽ ഇതിനെ വിമർശിക്കാം. പക്ഷെ, വെറും മനസ്സിന്റെ ഗുണം അല്ലെങ്കിൽ ഒരു നേർച്ചപോലെ, ദൗത്യം പോലെ പ്രകൃതി സംരക്ഷണം നടപ്പിലാക്കാൻ എല്ലാവർക്കും ബുദ്ധിമുട്ടാകും.

> വന്യജീവികൾ മനുഷ്യന്റെ ജീവിതം ദുസ്സഹമാക്കി. കാരണം അവരുടെ സ്ഥലത്താണ് നമ്മൾ കോളനികളും കൃഷിയിടങ്ങളും ഉണ്ടാക്കിയത്. വിളവുകൾ സ്വാദിഷ്ട ഭക്ഷണമാണ്. മൃഗങ്ങൾ അതിൽ ആസക്തരായിരിക്കുന്നു. നല്ല ഭക്ഷണം കിട്ടുമ്പോൾ അവർ സ്ഥിരമായി വരുന്നു. ഇവരെ ഓടിക്കുന്നതിന് പകരം പുതിയ കൃഷിരീതി എന്തുകൊണ്ട് ചെയ്ത് കൂടാ?

**താങ്കളുടെ ആദ്യകാല പ്രവർത്തനങ്ങളെ എങ്ങനെയാണ് കാണുന്നത്? തിരിഞ്ഞുനോക്കുമ്പോൾ സ്വന്തം സാധ്യതകളെ, പരിമിതികളെ, തിരിച്ചറിവുകളെ എങ്ങനെ കാണുന്നു?**

70കളുടെ ആദ്യം സൈലന്റ്‌വാലി പ്രസ്ഥാനമാണ് ഞാൻ ഉൾപ്പെടെയുള്ളവരുടെ കണ്ണു തുറന്നത്. വനം നശിച്ചു പോകുമ്പോൾ ഒരു പരിസ്ഥിതി ശോഷണം നടക്കുന്നുണ്ട്. കാടു നശിക്കുമ്പോഴുള്ള ഇത്തരം ശോഷണത്തെക്കുറിച്ചായിരുന്നു ഞാൻ പി.എച്ച്.ഡി ചെയ്തത്. കാട്ടുമണ്ണ് അതിന്റെ മുകളിലെ മരങ്ങൾ നഷ്ടപ്പെടുമ്പോൾ എങ്ങനെ പാറയാകുന്നു. പാറയിൽ നിന്നാണ് യഥാർത്ഥത്തിൽ മണ്ണുണ്ടാകുന്നത്. തിരിച്ച് മണ്ണ് നഷ്ടപ്പെടുമ്പോൾ ഒരു ലാറ്ററൈസേഷൻ നടക്കുന്നു. ഇങ്ങനെയാണ് വനസംരക്ഷണം എന്ന ആശയത്തിലേക്ക് ഞാൻ ആകർഷിക്കപ്പെട്ടത്. ഒരുപാടു സ്ഥലങ്ങളിൽ നിയമനം ലഭിച്ചിട്ടും പീച്ചിയിലെ കേരള വന ഗവേഷണ കേന്ദ്രത്തിലേക്കാണ് എത്തിയത്. 32 കൊല്ലത്തെ സേവനത്തിന് ശേഷം പടിയിറങ്ങുമ്പോൾ ഒരുപാട് സന്തോഷമുണ്ട്. ഒത്തിരി നല്ല കാര്യങ്ങൾ ചെയ്യാനായി, ഒത്തിരി കാണാനായി, ഒത്തിരി പേരെ പരിചയപ്പെടാനിടയായി. ഏറ്റവും പ്രധാനം, വികസനത്തിന്റെ കോടാലിയിൽ നിന്നും വളരെയധികം വനം സംരക്ഷിക്കാനായി എന്നതാണ്. 14 പാരിസ്ഥിതിക ആഘാത പത്രികകൾ പഠിച്ച് സമർപ്പിച്ചു. അതിൽ 13 എണ്ണവും വനം സംരക്ഷിക്കണം എന്നുതന്നെയായിരുന്നു. കുഞ്ഞോം മുതൽ പാനൂർ വരെ കാടിന് അകത്തുള്ള റോഡായാലും മാഹിപ്പുഴയുടെ മുകളിലേക്കുള്ളതോ പറമ്പിക്കുളത്തേക്കുള്ളതോ ആയ റോഡായാലും, സൈലന്റ്‌വാലിയിലേക്കുള്ള റോഡായാലും നെല്ലിയാമ്പതിയിൽ നിന്നും വാഴച്ചാലിലേക്കു



വര:അഭിലാഷ്

ള്ള റോഡായാലും ഇതെല്ലാം വേണ്ട എന്നു പറയുമ്പോൾ നാം പറയുന്നത് വനത്തെ റോഡുകളില്ലാതെ സംരക്ഷിക്കണം എന്നാണ്. കാരണം, എവിടെയൊക്കെ റോഡുവരുന്നുവോ അവിടെയെല്ലാം മനുഷ്യനും വരുന്നു, വികസനം വരുന്നു, ആ പ്രദേശത്തെ ഇല്ലാതാക്കുന്നു.

ബഫർ സോൺ ഇക്കോ ടൂറിസം മറ്റൊരു പ്രധാന ഇടപെടലായിരുന്നു. ഇക്കോ ടൂറിസം വക്താക്കൾ വിഭാവനം ചെയ്ത ടൂറിസം കാട്ടിനകത്തായിരുന്നു. നമ്മൾ അതിനെ കാട്ടിൽ നിന്നും നാട്ടിലേക്ക് കൊണ്ടുവന്നു. കാടിന്റെബഫർ സോൺ സന്ദർശകർക്ക് ആസ്വദിക്കാം എന്ന നിലയിലേക്ക് മാറ്റി. അതായത് ഇക്കോ ടൂറിസം ഉത്തരവാദിത്വ ടൂറിസമായി മാറി. ഇന്ന് എല്ലാവരും ഇതേ ആശയം പറയുന്നു. ഇതിൽ നാട്ടുകാർക്ക് ചില ഗുണമുണ്ടാകുന്നു. സന്ദർശകരും സന്തോഷിക്കുന്നു. മറ്റൊരു പ്രധാന കാര്യം നിർദ്ദേശിച്ചിരുന്നത് സന്ദർശകർക്കുള്ള ബോധവത്കരണമാണ്. നിങ്ങളൊരു ഇക്കോ ടൂറിസം കേന്ദ്രത്തിലേക്ക് പോകുമ്പോൾ പ്രകൃതിയുമായി ചേർന്നുപോവുന്നവിധം ജീവിക്കാനാണ് പഠിക്കേണ്ടത്. കാട് സംരക്ഷിക്കണം എന്നും മരത്തിനെ സ്നേഹിക്കണമെന്നും മൃഗങ്ങളെ ഉപദ്രവിക്കാൻ പാടില്ലെന്നുമെല്ലാം പഠിച്ചാണ് നിങ്ങൾ തിരിച്ചുവരുന്നത്. അങ്ങനെയൊരു ടൂറിസത്തിന്റെ അടിത്തറ ഉണ്ടാക്കാൻ ഇക്കോ ടൂറിസത്തിന് കഴിഞ്ഞു.

ഒരു ടൂറിസം കേന്ദ്രത്തിൽ എത്ര സന്ദർശകർ വേണം, അല്ലെങ്കിൽ ഒരു ടൂറിസം മേഖലക്ക് പരമാവധി എത്ര പേരെ താങ്ങാൻ കഴിയുമെന്നും പഠനം വിഭാവനം ചെയ്തു. പക്ഷേ അത് നടപ്പിലാക്കാനായില്ല. അങ്ങനെ കഴിഞ്ഞിരുന്നെങ്കിൽ നമുക്ക് കേരളത്തിലെ മിക്ക വനപ്രദേശങ്ങളിലും ഇന്ന് നടക്കുന്ന കാട് മുഴുവൻ നശിപ്പിക്കുന്ന ടൂറിസം ഒഴിവാക്കാനാവുമായിരുന്നു. കോർ ഏരിയയിലെ ജീപ്പ് സവാരിയും, കാടിനകത്തെ ബഹളവും മദ്യപാനവും പിന്നെ പെരിയാറിലെപോലുള്ള ബോട്ട് സവാരിയും, തിരക്കും, അപകടങ്ങളും, മരണവും ഒഴിവാക്കാമായിരുന്നു. കുറുവാദ്വീപിനെപോലുള്ള കോർഏരിയയിൽ ജില്ലാ ടൂറിസം പ്രമോഷനൽ കൗൺസിൽ നടത്തുന്ന ആഭാസടൂറിസവും സൈലന്റ്‌വാലിയിലെ കോർ പ്രദേശത്തെ ടൂറിസവും എല്ലാം മാറ്റാനാകുമായിരുന്നു. ഇതാണ് ചെയ്യാൻ വിട്ട് പോയ ഒരു കാര്യം. ബാക്കി നിൽക്കുന്ന പ്രവൃത്തി.

**ആക്റ്റിവിസവും അക്കാദമിക പ്രവർത്തനവും ചേർന്നുപോവാൻ ബുദ്ധിമുട്ടാണെന്ന് പൊതുവെ ഒരഭിപ്രായമുണ്ട്. ആ പൊതു അഭിപ്രായത്തിന് വെളിയിലാണ് താങ്കളുടെ ജീവിതം. എങ്ങനെയാണ്, ഇവ രണ്ടും ഒന്നിച്ചു കൊണ്ടുപോവാൻ കഴിഞ്ഞത്?**

അച്യുതമേനോൻ വിഭാവനം ചെയ്ത കേരള വനഗവേഷണ കേന്ദ്രം ഉൾപ്പെടുന്ന ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ലക്ഷ്യം രാജ്യത്തെ വിഭവങ്ങൾ എങ്ങനെ പരിപാലിക്കാം എന്നുള്ളതായിരുന്നു. അല്ലാതെ വെറും ആണവ ഗവേഷണമോ, ഭൗതികശാസ്ത്ര ഗവേഷണമോ മൈക്രോസ്കോപ്പിലൂടെ നോക്കുന്ന ബയോടെക്നോളജിയോ ആയിരുന്നില്ല. ജനങ്ങളുമായി ബന്ധമുള്ള, വികസനവുമായി ബന്ധമുള്ള, വിഭവസംരക്ഷണവുമായി ബന്ധമുള്ള സ്ഥാപനങ്ങളായിരുന്നു അദ്ദേഹം തുടങ്ങിവെച്ചത്. കെ.എഫ്.ആർ.ഐയിൽ ജോലി ചെയ്യുമ്പോൾ ആക്ടിവിസം ഇല്ലാതെ, ജനങ്ങളുടെ വികാരം മനസ്സിലാക്കാതെ, ജനങ്ങളുടെ അഭിപ്രായങ്ങൾ മാനിക്കാതെ ജനങ്ങളെ ബോധവത്കരിക്കാതെ നമുക്ക് ഗവേഷണം നടത്താനാവില്ല. ആർക്കുവേണ്ടി ഗവേഷണം നടത്തുന്നു എന്നുള്ള ചോദ്യം എപ്പോഴും ഇവിടെ ഉയരുന്നു. ദന്തഗോപുരത്തിലെ ശാസ്ത്രജ്ഞരായി, താഴെ ഇറങ്ങാതെ ഒരുപാട് പേപ്പറുകൾ പ്രസിദ്ധീകരിച്ച്, നരച്ച കോട്ടുമിട്ട് രാജ്യാന്തര സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ച് സ്വന്തം ബയോഡാറ്റ വലുതാക്കുന്നതിന് പകരം, നിങ്ങൾ എന്താണ് സാധാരണ മനുഷ്യന് വേണ്ടി ചെയ്യുന്നത് എന്ന് ചിന്തിക്കുക. ഉദാഹരണമായി അട്ടപ്പാടിയിലെ ഒരു വികസനം, അതിന്റെ കാഴ്ചപ്പാട് എന്താവണം, അല്ലെങ്കിൽ റോഡ് പരിസ്ഥിതി അനുസൃതമായി എങ്ങനെ നിർമ്മിക്കാം, ഈ കാടുകൾ എങ്ങനെ സംരക്ഷിക്കാം, അതിന് വേണ്ടി എന്തൊക്കെ ചെയ്യണം എന്നിങ്ങനെ. ആ പ്രശ്നങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുമ്പോൾ ഗവേഷണം ആക്റ്റിവിസമായി മാറുകയാണ്. പൂയംകുട്ടിയായാലും പാത്രക്കടവ് ആയാലും സൈലന്റ്‌വാലി ആയാലും നമ്മൾ ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി ഗവേഷണം നടത്തുന്നു. അതിന്റെ ഫലങ്ങൾ പ്രസിദ്ധികരിക്കുന്നു. ഒപ്പം കാര്യങ്ങൾ നാട്ടുകാരെ പറഞ്ഞു മനസ്സിലാക്കുകയും ചെയ്യുന്നു.

**എന്തുതന്നെയായാലും ഒരു സർക്കാർ സ്ഥാപനമാണ് കെ.എഫ്.ആർ.ഐയും. സർക്കാർ സ്ഥാപനങ്ങളുടേതായ ചിട്ടവട്ടങ്ങൾ സ്വാഭാവികമാണ്. അവയോടൊക്കെ യോജിച്ചു പോവാനാവുക എന്നത് താങ്കളെപ്പോലുള്ള ഒരാൾക്ക് എളുപ്പമാവില്ല. പ്രത്യേകിച്ച് ആദ്യ കാലങ്ങളിൽ. എങ്ങനെയാണ്, ഇത്തരം പ്രശ്നങ്ങൾ അതിജീവിച്ചത്?**

അങ്ങനെ ഒരു ബുദ്ധിമുട്ട് ഇവിടെ ഉണ്ടായില്ല. കാരണം അച്യുതമേനോനാണ് ഈ സ്ഥാപനം വിഭാവനം ചെയ്തത്. ഇതിന്റെ ആദ്യ ഡയറക്ടർ നെഹ്റുവിയൻ ജനാധിപത്യത്തിൽ ആഴത്തിൽ വിശ്വസിച്ചിരുന്നഒരാളായിരുന്നു. ഇവിടെ പ്രവർത്തിക്കുന്ന എല്ലാവരും തന്നെ ആക്റ്റിവിസ്റ്റുകളുമായിരുന്നു. ഡോ. വിജയനാവട്ടെ, ഡോ. ഈസയാവട്ടെ എല്ലാവരും. അങ്ങനെ എല്ലാവരും ആക്റ്റിവിസ്റ്റുകളായതു കൊണ്ട് ഇവിടെ ഒരു ആക്റ്റിവിസ്റ്റ് ഇടമുണ്ടായിരുന്നു. അതിനാൽ തന്നെ, സർക്കാർ ചട്ടക്കൂടുകളുടേതായ യാതൊരു പ്രശ്നവും ഉണ്ടായിരുന്നില്ല. തൊഴിൽപരമായ യാതൊരു വീഴ്ചകളും അതുകാരണം ഉണ്ടായിട്ടില്ല. നമ്മുടെ ആവശ്യത്തിന്, നമ്മുടെ അഭിപ്രായം മാത്രം മാനിച്ചാണ് അത് നടന്നത്. ഒരിക്കലും ഇത്തരത്തിൽ റിപ്പോർട്ടുകൾ എഴുതാൻ പാടില്ല എന്നോ ഇത് ഇങ്ങനെയല്ല വേണ്ടതെന്നോ ആരും മുകളിൽ നിന്ന് നിർദ്ദേശിച്ചിട്ടില്ല. കാരണം വനംവകുപ്പാണ് നമ്മുടെ പ്രൊജക്റ്റുകൾ എല്ലാം തരുന്നത്. വനം സംരക്ഷിക്കുക എന്നത് നമ്മുടെ ദൗത്യവുമാണ്. വനം സംരക്ഷിക്കേണ്ടതില്ല എന്നവർ ഒരിക്കലും പറയില്ല. വനമില്ലാതാക്കി റോഡ് വേണ്ട എന്ന് റിപ്പോർട്ട് എഴുതുവാൻ വളരെ എളുപ്പമാണ്. റോഡ് വേണം എന്ന് വനംവകുപ്പ് തന്നെ പറയുമ്പോഴാണ് പ്രയാസം.

(കടപ്പാട്: www.nalamidam.com)